KERALA CATHOLIC FEDERTATION

Laity Movement of
Kerala Catholic Bishop Conference (KCBC)
A State Level Federation of :
All Kerala Catholic Congress
Kerala Latin Catholic Association &
Malankara Catholic Association

All Kerala Press Release 02.04.2025

**KCBC പ്രകടിപ്പിച്ചത് കേരളത്തിലെ മുഴുവൻ ക്രൈസ്തവരുടെയും വികാരം: കെ.സി.എഫ് (കേരളാ കാത്തലിക് ഫെഡറഷൻ)**

കൊച്ചി: വഖഫ് വിഷയത്തിൽ കേരള കത്തോലിക്കാ മെത്രാൻ സമിതി കേരളത്തിലെ എം പി മാരോട് ഉന്നയിച്ച ആവശ്യം കേരളത്തിലെ ക്രൈസ്തവരുടെ മുഴുവൻ വികാരമാണെന്ന് കെ.സി.എഫ് നേതൃയോഗം. അതിനെ ക്രൈസ്തവ സമൂഹത്തിന്റെ രാഷ്ട്രീയ നിലപാടായി വ്യാഖ്യാനിക്കുന്നത് ശരിയല്ല. തങ്ങൾ തെരഞ്ഞെടുത്ത ജനപ്രതിനിധികൾ തങ്ങൾക്ക് വേണ്ടി സംസാരിക്കണമെന്ന് ആഗ്രഹിക്കുന്നത് ഏതെങ്കിലും ഒരു വർഗീയ നിലപാടാണെന്ന് വ്യാഖ്യാനിക്കുന്നത് അത്യന്തം ഖേദകരമാണ്. മുനമ്പം ഭൂസമരത്തിന്റെ പശ്ചാത്തലത്തിൽ ഉണ്ടാകുന്ന വികാരത്തിന്റെ പ്രതിഫലനമാണ് ഇത്തരം നിലപാടുകൾ. അതേസമയം തന്നെ കേരളത്തിലെ പ്രമുഖ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ കാട്ടുന്ന പക്ഷപാതപരമായ നിലപാടിനെതിരെയുള്ള പ്രതിഷേധം കൂടിയായി അതിനെ കാണാവുന്നതാണ്. അത്തരം പ്രതിഷേധങ്ങൾ ചില വർഗീയ താല്പര്യമുള്ളവർക്ക് വളക്കൂറായി മാറും എന്ന തിരിച്ചറിവും മുഖ്യധാരാ രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കാണ് വേണ്ടതെന്ന് കേരള കാത്തലിക് ഫെഡറേഷൻ ചൂണ്ടിക്കാട്ടി. കെ. സി. എഫ് സംസ്ഥാന പ്രസിഡന്റ് അനിൽ ജോൺ ഫ്രാൻസിസ് അദ്ധ്യക്ഷത വഹിച്ച യോഗം കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി ജനറൽ ഫാ. തോമസ് തറയിൽ ഉത്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി വി.സി. ജോർജ്ജ് കുട്ടി, ട്രഷറർ അഡ്വ. ബിജു കുണ്ടുകുളം, ഭാരവാഹികളായ ജെയ്മോൻ തോട്ടുപുറം, ധർമ്മരാജ് പിൻകുളം, സിന്ധു മോൾ ജസ്റ്റസ്, എബി കുന്നേപറമ്പിൽ, ടെസി ബിജു, ജെസി അലക്സ് എന്നിവർ പ്രസംഗിച്ചു.

**വി.സി. ജോർജ്കുട്ടി**
ജനറൽ സെക്രട്ടറി, കെ.സി.എഫ്.
ഫോൺ: 9048505127